(ഇ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സ്ഥാപനങ്ങളിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തവ ഉണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ഔട്ട്പോസ്റ്റ് നിർമ്മാണം

229 (2057) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് നിർമ്മിക്കണമെന്നുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന അപേക്ഷ വകുപ്പുതലത്തിൽ പരിശോധിക്കുകയും അവിടെ 6 പി.സി.-മാരും 2 എച്ച്.സി.-മാരുമടങ്ങുന്ന ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാവുന്നതാണ് എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കിലും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം, മുൻഗണനാക്രമത്തിൽ, പുതിയ പോലീസ് സ്റ്റേഷനുകൾ/ഔട്ട് പോസ്റ്റുകൾ ആരംഭിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുള്ളതിനാൽ പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പെരുമ്പളത്ത് പോലീസ് ഔട്ട് പോസ്റ്റ് ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ കഴിയുകയുള്ളൂ.

ടാങ്കർലോറി അപകടങ്ങൾ

230 (2058) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇത്തരം അപകടങ്ങൾ നടക്കുമ്പോൾ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

GPM. 2/240/2020-39

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അമിതവേഗത്തിലും അശ്രദ്ധമായും ഉദാസീനമായും വാഹനമോടിക്കുന്ന ടാങ്കർ ലോറി ഡ്രൈവർമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർലോറിക്ക് പ്രവേശനം നിയന്ത്രിക്കുകയും പ്രത്യേക സമയപരിധി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് ഡ്രൈവർമാർ നിർബന്ധമായും ഉണ്ടായിരിക്കുക, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസുണ്ടായിരിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കർശന പരിശോധന നടത്തുന്നുണ്ട്. ടാങ്കർലോറി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വൻദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ടാങ്കർ ലോറി ഡ്രൈവർമാർ, പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു. പെട്രോളിയം ഉല്പന്നങ്ങൾ, പാചകവാതകം പോലുള്ള ഇന്ധനങ്ങൾ എന്നിവയുമായി ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും അഗ്നിശമന രക്ഷാസേന വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർക്ക് പെട്രോളിയം കമ്പനികൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി അഗ്നിശമന രക്ഷാസേവന വകുപ്പിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ ചോർച്ച കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി ഗ്യാസ് ഡിറ്റക്ടർ, ജീവനക്കാർക്ക് ഫയർ ഫൈറ്റിംഗിനുള്ള ഫയർ സ്യൂട്ട്, പേഴ്സണൽ പ്രൊട്ടക്ടീവ് ഉപകരണങ്ങൾ, ലോങ്ങ് റേഞ്ച് അഗ്നിശമനത്തിനുള്ള മോണിറ്റർ, ഹാൻഡ് കൺട്രോൾ ബ്രാഞ്ച് എന്നീ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനയിലെ എല്ലാ വാഹനങ്ങൾക്കും സ്പാർക്ക് അറസ്റ്റർ ഘടിപ്പിച്ചിട്ടുണ്ട്.